ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി1/16467/റ്റിസി/2014


ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 25.07.2014

## സർക്കുലർ നമ്പർ. 09/2014

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളിൽ ടവർ ബോൾട്ട് ഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം.

സൂചന :-

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടൂൾ ബോക്സിനും, ലഗേജ് ബോക്സിനും കൃത്യമായ അടച്ചുറപ്പില്ലാത്തത് കാരണമുണ്ടാകുന്ന മാരകമായ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിലെങ്കിലും ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ വാഹനത്തിലെ ലഗേജ് ബോക്സ്, ടൂൾ ബോക്സ് ഉൾപ്പെടെയുള്ള ബോക്സുകൾക്ക് ഓടാമ്പൽ അഥവാ ടവർ ബോൾട്ട് ഘടിപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ചും സ്റ്റേജ് ക്യാരേജുകൾ, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ, ഗുഡ്സ് വാഹനങ്ങൾ എന്നിവ പരിശോധന നടത്തുന്ന സമയത്ത് മേൽ പറഞ്ഞ രീതിയിലുള്ള ടവർ ബോൾട്ട് ഘടിപ്പിച്ചിട്ടുണ്ടെന്നും, അവ താഴേയ്ക്ക് പൂട്ടുന്ന വിധത്തിൽ കൃത്യമായി അടച്ച് പൂട്ടി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കുന്ന സമയത്തും ഇക്കാര്യത്തിൽ പ്രത്യേക പരിശോധന നടത്തേണ്ടതും, അടച്ചുറപ്പില്ലാത്തതും, ടവർ ബോൾട്ട് ഘടിപ്പിച്ചിട്ടില്ലാത്തതുമായ വാഹങ്ങൾക്ക് ഫിറ്റ്നസ് നിരസിക്കേണ്ടതുമാണ്.

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്.